LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന നികുതി വെട്ടിക്കുന്നതിനെതിരെ നടപടി

*21 [360] ശ്രീ. വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ നികുതി വെട്ടിപ്പും ക്രമക്കേടുകളും നിയന്ത്രിക്കാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മോട്ടോർ വാഹന വകുപ്പിൽ നികുതി വ്യവസ്ഥകളിലെ പഴുതുകൾ മുതലെടുത്ത് ഏതാനും സ്വകാര്യ ബസ്സുടമകൾ വൻതോതിൽ നികുതി വെട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹന ഉടമകൾക്ക് നികുതി വെട്ടിക്കാൻ കഴിയുന്ന തരത്തിൽ നികുതി വ്യവസ്ഥകളിൽ എന്തെങ്കിലും പഴുതുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതി വെട്ടിപ്പും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി ആന്റ് സി) ഇല്ല.

കാർഷിക പദ്ധതികൾ

*22 [361] ശ്രീ. എ. സുജനപാൽ:
,, ടി. എൻ. പ്രതാപൻ:
,, അടൂർ പ്രകാശ്:
,, പ്രൊഫ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കർഷകരുടെ കൂട്ടായ ഉന്നമനത്തിനുവേണ്ടി കാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ബാങ്കുകളുടെ ലാഭത്തിൽനിന്ന് ഒരു വിഹിതം ഇത്തരം പദ്ധതികൾക്ക് വേണ്ടി മാറ്റി വയ്ക്കുവാനുള്ള അനുമതി നൽകുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ഈ വർഷം എന്തു തുകയുടെ കാർഷികവായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) നബാർഡ് ആവിഷ്ക്കരിച്ചിട്ടുള്ള പുനർവായ്പാ പദ്ധതി പ്രകാരം കർഷകരുടെ കൂട്ടായ്മയ്ക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാനുള്ള പദ്ധതി നിലവിലുണ്ട്.

(ബി) അക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) സംസ്ഥാന സഹകരണ ബാങ്ക് ഈ വർഷം ഹ്രസ്വകാല-മദ്ധ്യകാല-ദീർഘകാല കാർഷികാവശ്യങ്ങൾക്കായി 207 കോടി രൂപയുടെ വായ്പ നൽകാനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം 31-3-2004-ലെ കൃഷി വായ്പയുടെ 33 ശതമാനം വർദ്ധനവ് ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകൾ ഈ വർഷം നൽകാനുദ്ദേശിക്കുന്ന കാർഷിക വായ്പയെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

		രൂപ (തുക ലക്ഷത്തിൽ)
തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	..	30,000.00
കൊല്ലം ജില്ലാ സഹകരണ ബാങ്ക്	..	2,500.00
ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്	..	4,900.00
പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്	..	700.00
കോട്ടയം ജില്ലാ സഹകരണ ബാങ്ക്	..	3,500.00
ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	..	9,500.00
എറണാകുളം ജില്ലാ സഹകരണ ബാങ്ക്	..	2,500.00
തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	..	12,000.00
പാലക്കാട് ജില്ലാ സഹകരണ ബാങ്ക്	..	5,000.00
മലപ്പുറം ജില്ലാ സഹകരണ ബാങ്ക്	..	2,981.65
കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	..	2,632.00
വയനാട് ജില്ലാ സഹകരണ ബാങ്ക്	..	4,912.00
കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്	..	25,920.00
കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്	..	5,131.00
ആകെ	..	1,12,176.65

LIBRARY ARCHIVES Kerala Legislative Assembly